പള്ളിവാസൽ, പന്നിയാർ, ചെങ്കുളം ജലവൈദ്യുത പദ്ധതികളുടെ നവീകരണം

59 [360] ശ്രീ. വർക്കല കഹാർ:
,, പി. ടി. തോമസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം ജലവൈദ്യുത പദ്ധതികളുടെ നവീകരണം നടത്തുന്നതിന് മുമ്പ് അവരുടെ ഇൻ സ്റ്റാൾഡ് കപ്പാസിറ്റിയും ആക്ച്വൽ കപ്പാസിറ്റിയും എത്ര വീതമായിരുന്നു;

(ബി) അവയുടെ നവീകരണം പൂർത്തിയാകുമ്പോൾ അവയുടെ കപ്പാസിറ്റി എത്ര വീതം വർദ്ധിക്കുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്യുകയോ പ്രതീക്ഷിക്കുകയോ ചെയ്തിരുന്നത്;

(സി) നവീകരണത്തിനു ശേഷം അവയുടെ ഓരോന്നിന്റെയും കപ്പാസിറ്റി എത്രയാണ്;

(ഡി) നവീകരണത്തിനു ശേഷം ഈ പദ്ധതികളുടെ ജനറേറ്ററിനും മറ്റ് ഭാഗങ്ങൾക്കും എത്ര പ്രാവശ്യം കേടുവന്നു;

(ഇ) നവീകരണത്തിനുശേഷം ഇവയിൽ ഏതെല്ലാം പദ്ധതികളുടെ ആക്ച്വൽ കപ്പാസിറ്റിയിൽ കുറവുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

പദ്ധതി	സ്ഥാപിത ശേഷി (മെഗാവാട്ട്)	യഥാർത്ഥ ശേഷി (മെഗാവാട്ട്)
പള്ളിവാസൽ	37.5	35.94
പന്നിയാർ	30	30
ചെങ്കുളം	48	48

(ബി) നവീകരണം പൂർത്തിയാകുമ്പോഴുള്ള ശേഷി വർദ്ധനവിനെ കുറിച്ച് കരാറിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിരുന്നില്ല.

(സി) ജനറേറ്ററുകളുടെ ശേഷിയും ടർബൈന്റെ ശേഷിയും കണക്കിലെടുത്ത് ലഭിക്കേണ്ട മെഗാ വാട്ടും ഇപ്പോൾ ലഭിക്കുന്ന സ്ഥാപിതശേഷിയുടെ വിവരവും താഴെ പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി	സ്ഥാപിത ശേഷി (മെഗാവാട്ട്)	
	ലഭിക്കേണ്ടത്	ലഭിക്കുന്നത്
പള്ളിവാസൽ	36.6	36.84
പന്നിയാർ	32.4	32.4
ചെങ്കുളം	52.72	55.24

(ഡി) നവീകരണത്തിനു ശേഷം തുടക്കത്തിൽ പള്ളിവാസൽ പവർ ഹൗസിൽ മാത്രം ചില യന്ത്രഭാഗങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. ഇവ മിക്കവയും യന്ത്രങ്ങളുടെ തകരാറുമൂലമല്ല ഉണ്ടായത്; മറിച്ച് പുതിയ കമ്പ്യൂട്ടർ സംവിധാനവും മറ്റും സിസ്റ്റവുമായി ശരിയായി പൊരുത്തപ്പെട്ടു വരുന്നതിനുണ്ടായ താമസംമൂലമാണ് ഉണ്ടായത്. ഈ തകരാറുകളെല്ലാം കമ്പനി പരിഹരിക്കുകയും ഇപ്പോൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) പള്ളിവാസൽ പദ്ധതിയിലെ യൂണിറ്റ് നമ്പർ 1-ന് 0.061 മെഗാവാട്ടിന്റെയും യൂണിറ്റ് നമ്പർ 4-ന് 0.699 മെഗാ വാട്ടിന്റെയും കുറവ് കണ്ടു. യൂണിറ്റ് നമ്പർ 4-ന് അനുഭവപ്പെടുന്ന കുറവ് പെൻ സ്റ്റോക്ക് പൈപ്പിന്റെ ശേഷിക്കുറവുമൂലം ആകാനാണ് സാദ്ധ്യത.

സിസിലിപുരം ജംഗ്ഷനിൽ വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

60 [361] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന് മുമ്പ് വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 12 (ഇപ്പോഴത്തെ സിസിലിപുരം വാർഡ് നമ്പർ 14) സിസിലിപുരം ജംഗ്ഷനിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റ് ഇളക്കി മാറ്റി സ്ഥാപിച്ചതിനെ തുടർന്ന് മറ്റൊരു പോസ്റ്റ് അധികമായി സ്ഥാപിക്കുന്നതിനായി പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ 812204-ാം നമ്പർ ചെക്ക് പ്രകാരം മേജർ സെക്ഷനാഫീസിന്റെ 15-4-2005-ലെ 2951-ാം നമ്പർ രസീത് പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ബാലരാമപുരം മേജർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ പണം അടച്ചിട്ടുണ്ടോ;

(ബി) പുതുതായി ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് എത്ര കാലം വരെയുള്ള കാലതാമസം അനുവദനീയമാണ്;

(സി) വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽനിന്നും 15-4-2005-ൽ തുകയടച്ചശേഷം ബാലരാമപുരം മേജർ സെക്ഷന്റെ പരിധിയിൽ എത്ര പോസ്റ്റുകൾ ഇതുവരെ സ്ഥാപിച്ചു;

LIBRARY ARCHIVES Kerala Legislative Assembly